"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായ ശ്രീ. കെ.ടി. ബാലഭാസ്കരന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2281/2023/LSGD തീയതി,തിരുവനന്തപുരം, 20-11-2023

പരാമർശം:-

1. സർക്കുലർ നം. 42/2013/ധന തീയതി 10/05/2013.
2. സ.ഉ.(സാധാ) നം. 580/2013/ധന തീയതി 28/11/2013.
3. സ.ഉ.(സാധാ) നം. 196/2022/തസ്വഭവ തീയതി 31/01/2022.
4. സ.ഉ.(സാധാ) നം.2559/2022/തസ്വഭവ തീയതി 25/02/2022.
5. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 17/02/2023ലെ 347/B/2022/SM നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ. കെ.ടി. ബാലഭാസ്കരനെ പരാമർശം (3), (4) ഉത്തരവുകൾ പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായി അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 25/02/2023 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകുവാൻ പരാമർശം (5) പ്രകാരം ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറായി അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിച്ചു വരുന്ന കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ.കെ.ടി ബാലഭാസ്കരന്റെ അന്യത്രസേവന കാലാവധി കെ.എസ്.ആർ. ഭാഗം I ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും അന്യത്രസേവനം സംബന്ധിച്ച് പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 25.02.2023 മുതൽ 20.11.2023 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
RAJESH K R
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പൊതുഭരണ (AIS) വകുപ്പ്
പിന്നോക്ക വിഭാഗ വികസന വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (IA2/24/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
Date: 20-11-2023 11:27:35

സെക്ഷൻ ഓഫീസർ

പകർപ്പ് :- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്